നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

# KEAM-2018

## സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച്

12.02.2018 ലെ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലെ പ്രവേശനം സി.ബി.എസ്.ഇ നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം. എൻട്രൻസ് ടെസ്റ്റ്-അണ്ടർ ഗ്രാജ്വേറ്റ് (നീറ്റ്-യു.ജി) മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള ളതും പ്രവേശന പരീക്ഷാ കമ്മീഷണർ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ 2018-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം സംസ്ഥാനത്തെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള പ്രവേശനം സി.ബി.എസ്.ഇ നടത്തുന്ന നീറ്റ്-യുജി പ്രവേശന പരീക്ഷയിലെ മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നി വയിലേതെങ്കിലും കോഴ്സിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും സി.ബി.എസ്.ഇ 2018 മെയ് 6-ന് നടത്തുന്ന നീറ്റ്-യു.ജി പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കേണ്ടതാണ്.

നീറ്റ്-യു.ജി പരീക്ഷയ്ക്കായി www.cbseneet.nic.in എന്ന വെബ്സൈറ്റിലൂടെ 2018 മാർച്ച് 9-ാം തീയതിയ്ക്കകം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം
03.03.2018

പ്രവേശന പരീക്ഷാ കമ്മീഷണർ